(ബി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/ആയുർവേദ കോളേജ് എന്നിവിടങ്ങളിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലേക്ക് നിഷ്കർഷിച്ചിട്ടുള്ള ഒരു യോഗ്യതയായ "ഗവൺമെന്റ് അംഗീകൃത ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ" എന്നതിന്റെ അതേ ഫാക്കൽറ്റിയിലുള്ള ഉയർന്ന യോഗ്യതയെന്ന നിലയിൽ B.Pharm (ആയുർവേദം) യോഗ്യത പി.എസ്.സി. സ്വീകരിക്കുന്നുണ്ട്.

(സി) പ്രസ്തുത കോഴ്സ് പൂർത്തീകരിച്ചവരെ സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉണ്ടാകുന്ന ഫാർമസിസ്റ്റ് തസ്തികകളിലെ സ്ഥിര, താൽക്കാലിക ഒഴിവുകളിൽ നിയമിക്കുന്നതിന് സർക്കാരിന്റെ 23-4-2013-ലെ ജി.ഒ.(ആർ‌റ്റി.)1428/2013/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ടെങ്കിലും ഭാരതീയ ചികിത്സാ വകുപ്പിലെ സ്പെഷ്യൽ റൂളിൽ ബി.ഫാം (ആയുർവേദ) ഡിഗ്രി കോഴ്സ് ഉൾപ്പെടുത്താത്തത് തടസ്സമായി നിലനിൽക്കുന്നുണ്ട്.

(ഡി) ഈ വിഭാഗങ്ങളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ ബി.ഫാം (ആയുർവേദ)കാരെ പരിഗണിക്കാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കരട് സ്പെഷ്യൽ റൂളിൽ ആയുർവേദ ഫാർമസിസ്റ്റ് നിയമനത്തിനുള്ള യോഗ്യതയായി ബി.ഫാം (ആയുർവേദ) ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനം

134(2603) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി 12-ാം പഞ്ചവൽസര പദ്ധതി പ്രകാരം ഹോമിയോപ്പതി, ആയുർവേദ, യോഗ, നാച്ചുറോപ്പതി ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രികളിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആദ്യമായി ആരംഭിച്ചു. 2013-14-ൽ എറണാകുളം, കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രികളിലും 2015-16-ൽ കൊല്ലത്തും മലപ്പുറത്തുംകൂടി പുതുതായി ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിച്ചു. നാഷണൽ ആയുഷ് മിഷൻ 2015-16 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 4 ആയുഷ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലും 8 ജില്ലകളിൽ ആയുഷ് ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയുഷ് ചികിത്സാ സമ്പ്രദായത്തിലൂടെ സംസ്ഥാനത്ത് രണ്ട് ബ്ലോക്കുകൾ ചേരുന്ന 21 യൂണിറ്റുകളിലൂടെ സ്കൂൾ കുട്ടികളിൽ ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ പ്രവർത്തിയെക്കുറിച്ച് ബോധവൽക്കരിക്കാനുള്ള പരിപാടിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഹോമിയോപ്പതി ചികിത്സയോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളായ ആയുർവേദവും യോഗയും സമന്വയിപ്പിച്ചുകൊണ്ട് സമൂഹത്തിൽ അധികരിച്ചുവരുന്ന ക്യാൻസർ, ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം, ഗർഭാശയ രോഗങ്ങൾ, അന്തസ്രാവഗ്രന്ഥി രോഗങ്ങൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയും പ്രതിരോധ ചികിത്സയുമാണ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ എന്ന സമന്വയ സമഗ്ര ചികിത്സാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഹോമിയോപ്പതി, ആയുർവേദം, യോഗ, പ്രകൃതി ജീവന സമ്പ്രദായങ്ങളിലെ ഗുണാംശങ്ങളെ സമന്വയിപ്പിച്ചും സ്വാംശീകരിച്ചും കൊണ്ടുമുള്ള ഒരു സമഗ്ര ചികിത്സാ പദ്ധതിയാണിത്. ഇതിനായി ഹോമിയോപ്പതി, ആയുർവേദം, നാച്ചുറോപ്പതി ഡോക്ടർമാരുടെയും യോഗപരിശീലകന്റെയും സംയുക്ത സേവനം ഈ പദ്ധതിക്കായി സമഞ്ജസമായി ഉപയോഗപ്പെടുത്തുന്നു. ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം ഒരു കടക്കീഴിൽ ലഭ്യമാക്കാനും പാർശ്വഫല രഹിതമായ ചികിത്സാ സമ്പ്രദായങ്ങളെക്കുറിച്ച് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതുമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഈ പദ്ധതിയുടെ സേവനം നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോ ഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗപരിശീലകൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.